## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3720 19.03.2018 ൽ മറുപടിക്ക്**

**കിഫ്ബി ഫണ്ടുപയോഗിച്ചുള്ള റോഡ് നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.പി.ജെ.ജോസഫ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ഡോ.എൻ. ജയരാജ് | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) കിഫ്ബി ഫണ്ടുപയോഗിച്ച് പൊതുമരാമത്ത് വകുപ്പിന് കീഴിൽ നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള റോഡുകളുടെ നവീകരണ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | എ) 2016-17 സാമ്പത്തിക വർഷം കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാകുന്ന പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ വരുന്ന 174റോഡ് പ്രവർത്തികളിൽ 115 റോഡ് പ്രവർത്തികളുടെ ഡി പി ആർ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ഇതിൽ 100 റോഡുകളുടെ പ്രവർത്തികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതും, 43 പ്രവർത്തികൾ ടെണ്ടർ ചെയ്തിട്ടുള്ളതുമാണ്. ബാക്കിയുള്ള 59 പ്രവർത്തികളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡി പി ആർ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>2017-18 സാമ്പത്തിക വർഷം കിഫ്ബി ഫണ്ട് ഉപയോഗിച്ച് 180 റോഡ് പ്രവർത്തികളിൽ ഒരു പ്രവർത്തിയുടെ ഡി പി ആർ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ബാക്കി പ്രവർത്തികളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡി പി ആർ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കിഫ്ബി മുഖേന നടപ്പാക്കുന്ന പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും |

വിഭാഗത്തിന്റെ കീഴിൽ വരുന്ന മലയോര ഹൈവേയുടെ ഒന്നാംഘട്ടത്തിലുള്ള 26 പ്രവർത്തികളിൽ 20 പ്രവർത്തികളുടെ ഡി പി ആർ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 4 പ്രവർത്തികൾക്ക് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിൻ കീഴിൽ വരുന്ന പ്രവർത്തികൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

ബി) റോഡ് നവീകരണ പ്രവൃത്തികളുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തീകരിച്ച കൺസൾട്ടൻസി കരാറുകാർക്ക് / സ്ഥാപനങ്ങൾക്ക് പ്രതിഫലം നൽകുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുമോ;

സി) കേരളാ റോഡ് ഫണ്ട് ബോർഡിന് അനുവദിച്ചിട്ടുള്ള സെന്റേജ് ചാർജ് വിതരണം ചെയ്യാതിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വ്യക്തമാക്കാമോ?

ബി) & സി) ഉണ്ട്. ചില ഏജൻസികൾ തയ്യാറാക്കിയ റിപ്പോർട്ടുകൾ പുന:പരിശോധിക്കേണ്ടതായി വന്നിട്ടുള്ളതിനാൽ ടി കരാറുകാർക്ക് പ്രതിഫലം നൽകുന്നതിനുള്ള താമസം നേരിട്ടിട്ടുണ്ട്. അവ പരിശോധിച്ച് ഉടൻ തന്നെ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. കിഫ്ബി പ്രവൃത്തികൾക്കുള്ള ഇൻവെസ്റ്റിഗേഷൻ പ്രതിഫലം നൽകുന്നത് കേരള റോഡ് ഫണ്ട് ബോർഡിന് അനുവദിച്ചിട്ടുള്ള സെന്റേജ് ചാർജ്ജിൽ നിന്നാണ്. മുകളിൽ പരാമർശിച്ചിട്ടുള്ളതുപോലെ റിപ്പോർട്ടുകൾ പുന:പരിശോധിക്കേണ്ടതായി വന്നിട്ടുള്ളതിനാൽ കരാറുകാർക്ക് പ്രതിഫലം നൽകുന്നതിനുള്ള സെന്റേജ് ചാർജ്ജ് വിതരണം തടസപ്പെട്ടിട്ടുണ്ട്. ഇൻവെസ്റ്റിഗേഷന്റെ കാലതാമസം പദ്ധതി നടത്തിപ്പിനെ സാരമായി ബാധിക്കുന്നു എങ്കിലും പദ്ധതികൾ എല്ലാം നടപ്പാക്കുക തന്നെ ചെയ്യും.

സെക്ഷൻ ഓഫീസർ

# അനുബന്ധം - I

| ക്രമനമ്പർ | പദ്ധതിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | നാലുവരിപ്പാതയുടെ നിർമ്മാണം - കരമന - കളിയിക്കാവിള - പ്രാവച്ചമ്പലം - വഴിമുക്ക് (കി.മീ 575/500 to 582/000) | കരമന - കളിയിക്കാവിള റോഡ് പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള ഒന്നാം ഘട്ടം രണ്ടാം റീച്ചിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക കിഫ്ബിയിൽ ഉൾപ്പെടുത്തി 162.46 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള 7.25 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 266.87 കോടി രൂപയുടെ ഭരണാനുമത ലഭിച്ചത് റവന്യൂ വകുപ്പിലേയ്ക്ക് കൈമാറിയിട്ടുണ്ട്. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള രണ്ട് ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 98.10 കോട രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ബാലരാമപുരം മുതൽ വഴിമുക്ക വരെയുള്ള 1.5 കി.മീ ദൂരം 2013ലെ പുതിയ ലാന്റ് അക്വിസിഷൻ ആക്ട പ്രകാരമാണ് നടത്തേണ്ടത്. ആയതിനാൽ ഈ ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഈ സാമ്പത്തിക വർഷം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഈ സാഹചര്യത്തിൽ 7/7/2017ൽ യോഗം ചേരുകയും പദ്ധതി നടത്തിപ്പിലുള്ള കാലതാമസം ഒഴിവാക്കാൻ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാറായ പ്രാവച്ചമ്പലം മുതൽ |

| | | |
|---|---|---|
| | | ബാലരാമപുരം വരെയുള്ള 5 കി.മീ ഭാഗം ആദ്യ ഘട്ടമായ വികസിപ്പിക്കുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കുവാന നിർദ്ദേശിക്കുകയുണ്ടായി. ഈ പദ്ധതിയുടെ പ്രാവച്ചമ്പലം മുതല ബാലരാമപുരം കൊടി നട വരെയുള്ള 5 കി.മീറ്റർ റോഡിന്റെ ഡി.പി.ആ തയ്യാറാക്കി സാങ്കേതികാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. 6.3.2018ന് നടന സാങ്കേതിക അനുമതി കമ്മിറ്റിയിൽ ഈ പ്രവൃത്തി പരിഗണിച്ചിട്ടുണ് സാങ്കേതിക അനുമതി കിട്ടിയാലുടൻ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതാണ്. |
| 2 | തീരദേശ ഹൈവേയുടെ നിർമ്മാണം | നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ അലൈൻമെന്റ് തയ്യാറാക്കുന്നതിനായ NATPAC നെ ഏർപ്പെടുത്തുകയും, NATPAC സമർപ്പിച്ച റിപ്പോർ പ്രകാരം ഫൈനൽ അലൈൻമെന്റ് ഗവ.ഉത്തരവ് നം.G.O.R No.679/201/PWD dtd.21.05.2017 പ്രകാര അംഗീകരിച്ചിട്ടുള്ളതുമാണ്.<br>പ്രസ്തുത ഹൈവേയുടെ നിർമ്മാണത്തിനായി G.O.R No.942/2017/PWD dtd.10.07.2017കേരള ഗവൺമെന്റ് 6500 കോട രൂപ തത്വത്തിൽ അംഗീകാരം നൽകുകയും KIIFB വഴി നടപ്പിലാക്കുമെന പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. കൂടാതെ പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി KRFB യെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. നിർദ്ദിഷ്ട തീരദേശ പാതയുടെ നീളം 653.4 കി.മീറ്ററാണ്, ആയത് തിരുവനന്തപുരം ജില്ലയിലെ പൂവാർ ജംഗ്ഷനിൽ ആരംഭിച്ച് വിവിധ ജില്ലകളിൽ കൂടി കടന്നു പോകുകയും കാസർഗോഡ ജില്ലയിലെ കുഞ്ചത്തൂരിൽ അവസാനിക്കുന്നതുമാണ്. വിവിധ ജില്ലകളിലായി 242 കി.മീ നീളത്തിൽ വിവിധ റോഡുകളുടെ നവീകരണമാണ് ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്നത്. ഒന്നാം ഘട്ടത്തിൽ ചെയ്യേണ്ട 13 റീച്ചുകളിൽ 12 എണ്ണത്തിന്റെ ഡി.പി.ആ കെ.ആർ.എഫ്.ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| 3 | എറണാകുളം ജില്ലയിലെ വൈറ്റില ഫ്ളൈഓവറിന്റെ നിർമ്മാണം | കേരള സർക്കാരിന്റെ G.O(Rt)No.616/2017/PWD dated 10.5.2017 ഉത്തരവ് പ്രകാരം KIIFB യുടെ ധന സഹായത്തോടെ വൈറ്റില ഫ്ളൈഓവർ നിർമ്മാണത്തിന് 113 കോടി രൂപയ്ക്ക് അംഗീകാരം നൽകുകയും KRFBയെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ നിയമിച്ചിട്ടുള്ളതുമാണ്.<br>പ്രസ്തുത പ്രവൃത്തി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ KRFE ടെണ്ടർ നടത്തിയിട്ടുള്ളതും 78.36 കോടി രൂപയ്ക്ക് M/s SreeDhanya Construction Company യ്ക്ക് നിർമ്മാണ പ്രവർത്തിയുടെ കരാർ നൽകി ഈ കമ്പനി 17/11/2017- ൽ എഗ്രിമെന്റ് വച്ച് നിർമ്മാണ പ്രവർത്ത ഏറ്റെടുത്തിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തി 11/12/2017ൽ ഉദ്ഘാടനം ചെയ്യുകയും പ്രവൃത്തി ആരംഭിച്ചിട്ടുള്ളതുമാണ്. |
| 4 | കോഴിക്കോട് ജില്ലയിലെ ദേശീയപാത 66ലെ എലത്തൂർ - കോരപ്പുഴ പാലത്തിന്റെ പുനർനിർമ്മാണം | കോഴിക്കോട് ജില്ലയിലെ കോരപ്പുഴ പാലത്തിന്റെ പുനർ നിർമ്മാണത്തിനായി 20 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട് സാങ്കേതികാനുമതിയ്ക്കായി സമർപ്പിച്ച എസ്റ്റിമേറ്റ് കറക്ട് ചെയ്ത് പുനർ സമർപ്പിക്കുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് തിരികെ സമർപ്പിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | |
|---|---|---|
| 5 | എറണാകുളം ജില്ലയിലെ കുണ്ട ന്നൂർ ഫ്ളൈഓവറിന്റെ നിർമ്മാണം | കേരള സർക്കാരിന്റെ G.O(Rt)No.1059/2017/PWD dated 22/7/2017 ഉത്തരവ് പ്രകാരം KIIFB യുടെ ധന സഹായത്തോടെ കുണ്ടന്നൂർ ഫ്ളൈഓവർ നിർമ്മാണത്തിന് 88.77 കോടി രൂപയ്ക്ക് അംഗീകാരം നൽകുകയും RBDCKയെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി നിയമിച്ചിട്ടുള്ളതുമാണ്.<br><br>പ്രസ്തുത പ്രവൃത്തിയ്ക്ക് കിഫ്ബിയിൽ നിന്ന് 88.77 കോടി രൂപ അനുവദിക്കുകയും RBDCK 25.10.2017ൽ ടെണ്ടർ നടത്തിയിട്ടുള്ളതും M/s Mary Matha Construction Company 74.45 കോടി രൂപയ്ക്ക് ക്വാട്ട് ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത പ്രവൃത്തി 9.2.2018ൽ എഗ്രിമെന്റിൽ ഏർപ്പെടുകയും രണ്ട് വർഷത്തെ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതുമാണ്. |
| 6 | ശ്രീകാര്യം, ഉള്ളൂർ, പട്ടം ഫ്ളൈഓവറുകളുടെ നിർമ്മാണം | ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നീ ഫ്ളൈഓവറുകളുടെ നിർമ്മാണത്തിന് 272.84 കോടി രൂപയുടെ (സ്ഥലമെടുപ്പ്, നിർമ്മാണം ഉൾപ്പെടെ) ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി കെ.ആർ.ടി.എൽ മുഖേനയാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ